# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1080 — 12.06.2014 ൽ മറുപടിയ്ക്ക്

### സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ ഒഴിവുള്ള സീറ്റുകളും വിജയശതമാനവും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എസ്.രാജേന്ദ്രൻ** | | **ശ്രീ. പി.കെ. അബ്ദുറബ്ബ്**<br>**(ഉന്നത. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** | |
| എ) | സംസ്ഥാനത്താകെ നിലവിൽ എത്ര സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് പ്രവർത്തിക്കുന്നുണ്ട്; | എ) | സംസ്ഥാനത്ത് സ്വാശ്രയ മേഖലയിൽ 113 എഞ്ചിനീയറിംഗ് കോളേജുകളും 10 സ്വാശ്രയ ആർക്കിടെക് കോളേജുകളും പ്രവർത്തിക്കുന്നുണ്ട്. |
| ബി) | ആയവയിലെല്ലാം കൂടി എത്ര സീറ്റുകൾ ഉണ്ട്; കഴിഞ്ഞ അദ്ധ്യയനവർഷം പ്രവേശനം നേടാതെ കിടക്കുന്ന സീറ്റുകളെത്ര; | ബി) | 2013 ൽ സംസ്ഥാനത്ത് സ്വാശ്രയ മേഖലകളിൽ എഞ്ചിനീയറിംഗ് കോളേജുകളിൽ 41280 സീറ്റുകളും ആർക്കിടെക് കോളേജുകളിൽ 520 സീറ്റുകളുമാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. 2013 ൽ പ്രവേശന പരീക്ഷ കമ്മീഷണറുടെ അലോട്ട്മെന്റിന് ശേഷം സ്വാശ്രയ മേഖലകളിലെ 50 % സർക്കാർ സീറ്റുകളിൽ എഞ്ചിനീയറിംഗ് കോളേജുകളിൽ 7608 സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്. എന്നാൽ ആർക്കിടെക് കോളേജുകളിൽ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നില്ല. |
| സി) | സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ ശരാശരി വിജയശതമാനം എത്ര; | സി) | കേരളത്തിലെ സർവകലാശാലകളിലെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ ശരാശരി വിജയശതമാനം താഴെ പറയുന്നതാണ്.<br>കാലിക്കറ്റ് സർവകലാശാല - 62.35%<br>കൊച്ചിൻ സർവകലാശാല - 52.80%<br>കണ്ണൂർ സർവകലാശാല - 57.55%<br>കേരള സർവകലാശാല - 32.13%<br>എം.ജി സർവകലാശാല - 58.18% |
| ഡി) | ഓരോ കോളേജുകളിലെയും കഴിഞ്ഞ അദ്ധ്യയനവർഷത്തെ വിജയശതമാനം എത്രയെന്ന് വിശദമാക്കുമോ? | ഡി) | ഓരോ കോളേജുകളിലേയും കഴിഞ്ഞ അദ്ധ്യയനവർഷത്തെ വിജയശതമാനത്തിന്റെ പട്ടിക അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്